## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6733 — 09.11.2016- ൽ മറുപടിയ്ക്ക്

### സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.കെ. ശശി** | **ശ്രീ. എ.സി.മൊയ്തീൻ**<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും കൃഷിക്കും മറ്റ് കാര്യങ്ങൾക്കുമായി ലോണുകൾ എടുത്ത ശേഷം രോഗബാധിതരായതു മൂലം (ക്യാൻസർ തുടങ്ങി മാരകരോഗങ്ങൾ ജീവനു ഹാനികരമായവ) ലോൺ അടയ്ക്കാൻ കഴിയാത്തവർക്ക് നിലവിൽ എന്തെല്ലാം സഹായങ്ങൾ ചെയ്തു വരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര, (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുത്ത ശേഷം വായ്പക്കാരന് മാരക രോഗം പിടിപെടുകയും വായ്പാ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരുകയും ചെയ്യുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ പരമാവധി 75,000/- രൂപ കേരളാ സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം നൽകുന്നു. |
| ബി) ഈ സർക്കാർ കാലയളവിൽ എത്ര അപേക്ഷകൾ ഇക്കാരണങ്ങളാൽ ലഭിച്ചു; എത്ര പേർക്ക് സഹായങ്ങൾ നല്കിയെന്നും എത്ര അപേക്ഷകൾ തീർപ്പാക്കിയെന്നും ഇനി തീർപ്പാക്കാനുള്ളവ എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) ഈ സർക്കാർ കാലയളവിൽ 957 അപേക്ഷകൾ ലഭിച്ചു. അതിൽ 42 പേർക്ക് ധനസഹായം നൽകുകയും 53 അപേക്ഷകൾ തീർപ്പാക്കുകയും ചെയ്തു. 904 അപേക്ഷകൾ ഇനി തീർപ്പാക്കാനുണ്ട്. |
| സി) ഇത്തരത്തിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകൾ എത്ര; എത്ര അപേക്ഷകർക്ക് സഹായം ലഭ്യമാക്കിയെന്നും എത്ര അപേക്ഷയിൽ തീർപ്പു കല്പിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (സി) ഷൊർണ്ണൂർ മണ്ഡലത്തിൽ നിന്നും 12 അപേക്ഷകൾ ലഭിച്ചു. ഇതിൽ ഒരു അപേക്ഷകന് ധനസഹായം ലഭ്യമാക്കി. ഒരു അപേക്ഷയിൽ തീർപ്പ് കൽപ്പിച്ചു. |

**സെക്ഷൻ ഓഫീസർ**